**റൂളിംഗ്**

മി. സ്പീക്കർ: 2021-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യമെമ്മോറാണ്ടത്തിൽ "ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല" എന്ന് പരാമർശിച്ചിരിക്കുന്നത് വസ്തുതാപരമല്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തടസ്സവാദത്തിലൂടെ ഇവിടെ പ്രധാനമായും ഉന്നയിച്ചത്.

ഇപ്രകാരമൊരു ധനകാര്യമെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ വിശദമാക്കുകയുണ്ടായി. ഈ ഭേദഗതി നിയമം നിലവിൽ വരുന്നതുമൂലം സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരുവിധ അധിക ചെലവും വരുന്നതല്ല എന്നുതന്നെയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും നിലപാട്. ഉദ്ദേശ്യകാരണങ്ങളിൽ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നു. ആ ഭാഗം മുഴുവനും ഞാൻ വായിക്കുന്നില്ല. " ......അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള

സമയപരിധിക്കുള്ളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുകയില്ലായിരുന്നു. അതിനാൽ 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ 56-ാം വകുപ്പ്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ 56-ാം വകുപ്പ്, 1985-ലെ മഹാത്മഗാന്ധി സർവ്വകലാശാല ആക്റ്റിന്റെ 58-ാം വകുപ്പ്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിന്റെ 61-ാം വകുപ്പ് എന്നിവ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു." ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരിക്കുന്ന പ്രസ്തുത നിലപാടിനോട് യോജിക്കാതിരിക്കാനുള്ള സാഹചര്യം നിലവിൽ കാണുന്നില്ല. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.